روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

# ഖബർ ശിക്ഷയുടെ കാരണങ്ങൾ

روضة الخطباء
sufaraulislam.com

28/06/2024

بسم الله الرحمن الرحيم

- മരണത്തിനും ഉയർത്തെഴുന്നേൽപ്പിനും ഇടയിലുള്ള ഒരു ഇടത്താവളമാണ് ബർസഖ്. ( ഖബർ ജീവിതം)
- ഓരോ വ്യക്തിയുടെയും വിശ്വാസത്തിനും കർമ്മത്തിനും അനുസരിച്ച് ഈയൊരു കാലയളവിൽ രക്ഷ ശിക്ഷകൾക്ക് വിധേയമാകേണ്ടിവരും.
- ഖബറിൽ മൺമറഞ്ഞവർക്കും, അഗ്നിയിൽ ഹോമിക്കപ്പെട്ടവർക്കും, വന്യജന്തുക്കൾ കടിച്ചു തിന്നവർക്കും, മത്സ്യം വിഴുങ്ങിയവർക്കും എല്ലാം ഖബറിലെ ശിക്ഷയും രക്ഷയും അഭിമുഖീകരിക്കേണ്ടിവരും.
- ഖുർആൻ, സുന്നത്ത്, ഇജ്മാഉ എന്നിവയിലൂടെ ഖബർ ശിക്ഷ യാഥാർത്ഥ്യമാണെന്നത് സ്ഥിരപ്പെട്ടിട്ടുണ്ട്.

**ഫിർഔനിനും കൂട്ടർക്കും ലഭിക്കുന്ന ശിക്ഷയെ സംബന്ധിച്ച് അല്ലാഹു പറഞ്ഞു :**

النَّارُ يُعْرَضُونَ عَلَيْهَا غُدُوًّا وَعَشِيًّا ۖ وَيَوْمَ تَقُومُ السَّاعَةُ أَدْخِلُوا آلَ فِرْعَوْنَ أَشَدَّ الْعَذَابِ (غافر: ٤٦)

**ഇമാം ഖുർത്തുബി (റഹി) പറഞ്ഞു;**

قال القرطبي رحمه الله :وَالْجُمْهُورُ عَلَى أن هذا العرض في البرزخ. احتج بَعْضُ أَهْلِ الْعِلْمِ فِي تَثْبِيتِ عَذَابِ الْقَبْرِ بِقَوْلِهِ: "النَّارُ يُعْرَضُونَ عَلَيْها غُدُوًّا وَعَشِيًّا" مَا دَامَتِ الدُّنْيَا. كَذَلِكَ قَالَ مُجَاهِدٌ وَعِكْرِمَةُ وَمُقَاتِلٌ وَمُحَمَّدُ بْنُ كَعْبٍ كُلُّهُمْ قَالَ: هَذِهِ الْآيَةُ تَدُلُّ عَلَى عَذَابِ الْقَبْرِ فِي الدُّنْيَا

ഇമാം ഖുർതുബി പറഞ്ഞു: ഭൂരിപക്ഷ പണ്ഡിതന്മാരും പറഞ്ഞത് ഈ ആയത്തിൽ പറഞ്ഞ പ്രകാരം, നരകം കാണിക്കപ്പെടുന്നത് ബർസഖിൽ വെച്ചാണ്... മുജാഹിദ്, ഇക്‌രിമ, മുഖാതിൽ, മുഹമ്മദ് ഇബ്നു കഅ്ബ് തുടങ്ങി പണ്ഡിത്മാർപറഞ്ഞു: ദുനിയാവിൽ ഖബ്ർശിക്ഷ യാഥാർത്യമാണെന്നതിന് ഈ വചനം തെളിവാണ്.

عَنْ أَنَسٍ :أَنَّ النَّبِيَّ ﷺ قَالَ :لَوْلَا أَنْ لَا تَدَافَنُوا لَدَعَوْتُ اللهَ أَنْ يُسْمِعَكُمْ مِنْ عَذَابِ الْقَبْرِ ( مسلم )

നബി (സ്വ) പറഞ്ഞു; നിങ്ങൾക്ക് മറമാടേണ്ടി വരില്ലായിരുന്നുവെങ്കിൽ ഖബ്ർ ശിക്ഷയുടെ ശബ്ദം നിങ്ങളെ കേൾപ്പിക്കാൻ ഞാൻ അല്ലാഹുവിനോട് പ്രാർഥിക്കുമായിരുന്നു." (മുസ്ലിം)

**ഇബ്നു തൈമിയ്യ പറഞ്ഞു:**

وَإِثْبَاتُ الثَّوَابِ وَالْعِقَابِ فِي الْبَرْزَخِ مَا بَيْنَ الْمَوْتِ إِلَى يَوْمِ الْقِيَامَةِ هَذَا قَوْلُ السَّلَفِ قَاطِبَةً وَأَهْلِ السُّنَّةِ وَالْجَمَاعَةِ؛ وَإِنَّمَا أَنْكَرَ ذَلِكَ فِي الْبَرْزَخِ قَلِيلٌ مِنْ أَهْلِ الْبِدَعِ . (مجموع الفتاوى)

മരണം മുതൽ ഉയർത്തെഴുന്നേൽപ്പ് വരെ ഖബ്റിൽ രക്ഷാ ശിക്ഷകൾ ലഭിക്കപ്പെടുമെന്നത് സലഫുകളും അഹ്ലുസ്സുന്നയും അംഗീകരിച്ച് പോരുന്ന കാര്യമാണ്. അതിനെ എതിർത്തിട്ടുള്ളത് ഏതാനും ചില ബിദ്അത്തുകാർ മാത്രമാണ്.

- **നമ്മുടെ നാട്ടിലും കബർ ശിക്ഷയെ നിഷേധിക്കുന്ന വിഭാഗങ്ങളുണ്ട്.**

ഖബർ ജീവിതത്തിൽ അനുഗ്രഹങ്ങൾ ഉണ്ടെങ്കിലും ഖബർ ശിക്ഷ എന്നാണ് കൂടുതൽ പ്രമാണങ്ങളിൽ പ്രയോഗിച്ച കാണാറ്. മനുഷ്യരിൽ അധിക പേരും അവിടെ പരീക്ഷിക്കപ്പെടും എന്നത് തന്നെയാണ് കാരണം.

- **ഖബ്ർ ശിക്ഷ ആത്മാവിനും ശരീരത്തിനും ഉണ്ടാകും.**

- ദുനിയാവിലെ ജീവിതത്തിൽ ബാഹ്യ ശരീരത്തിനാണ് പ്രഥമസ്ഥാനം. വിധിവിലക്കുകൾ ബാധകമാകുന്നതും അതിനാണ്. ആത്മാവ് ശരീരത്തിന്റെ വിധികളെ പിന്തുടരുന്നതാണ്.
- എന്നാൽ ബർസഖ് ജീവിതത്തിൽ റൂഹ് അഥവാ ആത്മാവിനാണ് പ്രഥമ വിധി. സുഖങ്ങളും ശിക്ഷാ നടപടികളും പ്രഥമമായി ആത്മാവിനാണ്. ശരീരം അതിനെ തുടർന്ന് മാത്രമായിരിക്കും വിധികൾ.
- ശരീരത്തിനും ആത്മാവിനും തുല്യമായി സുഖനുഭൂതിയോ ശിക്ഷയോ അനുഭവിക്കേണ്ടി വരുന്നത് ഉയർത്തെഴുന്നേൽപ്പിനു ശേഷം പരലോകത്താണ്.
- ഖബർ ശിക്ഷ സത്യനിഷേധികൾക്ക് മാത്രമല്ല ഉണ്ടാവുക. മുസ്ലീംകളിലെ തെറ്റുകാരിൽ അല്ലാഹു ഉദ്ദേശിച്ചവർക്കും അത് ഉണ്ടാകും.

- **കബർ ശിക്ഷയുടെ കാരണങ്ങൾ**

ഖബ്ർ ശിക്ഷയുടെ കാരണങ്ങൾ മൊത്തത്തിൽ പറയുകയാണെങ്കിൽ.. അവിശ്വാസവും, ശിർക്കും,അജ്ഞതയും, അക്രമവും അനീതിയും, പാപങ്ങളും, അവിശ്വാസമൊക്കെയാണ്. എന്നാൽ കബർ ശിക്ഷയ്ക്ക് കാരണമാകുന്ന ചില പ്രത്യേക കാര്യങ്ങൾ ഇവിടെ പരാമർശിക്കുന്നു.

**1. ശിർക് (അല്ലാഹുവിൽ പങ്കുചേർക്കുക)**

وَلَوْ تَرَى إِذِ الظَّالِمُونَ فِي غَمَرَاتِ الْمَوْتِ وَالْمَلَائِكَةُ بَاسِطُو أَيْدِيهِمْ أَخْرِجُوا أَنْفُسَكُمُ الْيَوْمَ تُجْزَوْنَ عَذَابَ الْهُونِ بِمَا كُنْتُمْ تَقُولُونَ عَلَى اللَّهِ غَيْرَ الْحَقِّ وَكُنْتُمْ عَنْ آيَاتِهِ تَسْتَكْبِرُونَ (الأنعام/٩٣.)

ഇന്ന് നിങ്ങൾക്ക് ഹീനമായ ശിക്ഷ നൽകപ്പെടുന്നതാണ് (എന്ന് മലക്കുകൾ പറയും.) ഇതിന്റെ ഉദ്ദേശം ഖബ്ർ ശിക്ഷയാണെന്ന് പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്.

حديث زَيْدِ بْنِ ثَابِتٍ رضي الله عنه قَالَ :بَيْنَمَا النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فِي حَائِطٍ لِبَنِي النَّجَّارِ عَلَى بَغْلَةٍ لَهُ وَنَحْنُ مَعَهُ إِذْ حَادَتْ بِهِ فَكَادَتْ تُلْقِيهِ وَإِذَا أَقْبُرٌ سِتَّةٌ أَوْ خَمْسَةٌ أَوْ أَرْبَعَةٌ فَقَالَ: (مَنْ يَعْرِفُ أَصْحَابَ هَذِهِ الأَقْبُرِ؟) فَقَالَ رَجُلٌ: أَنَا .قَالَ: (فَمَتَى مَاتَ هَؤُلاءِ؟) قَالَ: مَاتُوا فِي الإِشْرَاكِ.. فَقَالَ: ( إِنَّ هَذِهِ الأُمَّةَ تُبْتَلَى فِي قُبُورِهَا، فَلَوْلا أَنْ لا تَدَافَنُوا لَدَعَوْتُ اللَّهَ أَنْ يُسْمِعَكُمْ مِنْ عَذَابِ الْقَبْرِ الَّذِي أَسْمَعُ مِنْهُ ثُمَّ أَقْبَلَ عَلَيْنَا بِوَجْهِهِ فَقَالَ: تَعَوَّذُوا بِاللَّهِ مِنْ عَذَابِ النَّارِ (مسلم)

സൈദ് ബിനു സാബിത്ത് നിവേദനം: ഒരിക്കൽ ബനു നജ്ജാറുകാരുടെ ചുറ്റുമതിലിനകത്ത് കൂടി നബി അവിടുത്തെ ﷺ കോവർ കഴുതയുടെ പുറത്തിരുന്നു പോവുകയായിരുന്നു. ഞങ്ങളും തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. ആ സന്ദർഭത്തിൽ തിരുമേനിയുടെ കോവർ കഴുത അവിടുത്തെ താഴെ വീഴുമാറ് തിരിഞ്ഞു കളയുകയുംചെയ്തു. അവിടെ അഞ്ചോ ആറോ കബറുകൾ ഉണ്ടായിരുന്നു. നബി ﷺചോദിച്ചു: ആർക്കാണ് ഈ കബറിലെ ആളുകളെ കുറിച്ച് അറിയുക? അപ്പോൾ ഒരാൾ പറഞ്ഞു: എനിക്കറിയാം. നബി ﷺചോദിച്ചു: എപ്പോഴാണ് അവർ മരണപ്പെട്ടത്? അയാൾ പറഞ്ഞു: അവർ (ഇസ്ലാമിനു മുമ്പ്) ശിർക്കിലായിട്ടാണ് മരിച്ചത്. അപ്പോൾ നബി പറഞ്ഞു: "നിശ്ചയം, ഈ സമുദായം അവരുടെ കബറുകളിൽ പരീക്ഷിക്കപ്പെടുന്നതാണ്. നിങ്ങൾക്ക് മറമാടേണ്ടി വരില്ലായിരു ന്നുവെങ്കിൽ ഖബർ ശിക്ഷയുടെ ശബ്ദം നിങ്ങളെ കേൾപ്പിക്കാൻ ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുമായിരുന്നു..."

## 2. നിഫാഖ് (കാപട്യം )

وَمِمَّنْ حَوْلَكُمْ مِنَ الأَعْرَابِ مُنَافِقُونَ وَمِنْ أَهْلِ الْمَدِينَةِ مَرَدُوا عَلَى النِّفَاقِ لا تَعْلَمُهُمْ نَحْنُ نَعْلَمُهُمْ سَنُعَذِّبُهُمْ مَرَّتَيْنِ ثُمَّ يُرَدُّونَ إِلَى عَذَابٍ عَظِيمٍ) التوبة/١٠١.

"രണ്ട് പ്രാവശ്യം നാം അവരെ ശിക്ഷിക്കുന്നതാണ്." ഇതിൽ ഒന്ന് കബർ ശിക്ഷ യ ണെന്ന് സലഫുകൾ വിശദീകരിച്ചിട്ടുണ്ട്.

وَعَنْ ابْنِ عَبَّاسٍ: الْأُولَى إِقَامَةُ الْحُدُودِ عَلَيْهِمْ، وَالْأُخْرَى عَذَابُ الْقَبْرِ وَقَالَ مُجَاهِدٌ: الْأَوَّلُ: الْقَتْلُ وَالسَّبْيُ، وَالثَّانِي: عَذَابُ الْقَبْرِ(تفسير البغوي)

قال قتادة والربيع بن أنس في قوله تعالى: (سَنُعَذِّبُهُمْ مَرَّتَيْنِ): إحداهما في الدنيا، والأخرى هي عذاب القبر.

## 3. മൂത്രത്തിൽ നിന്ന് വെടിപ്പാവാതിരിക്കൽ, മറ സ്വീകരിക്കാതിരിക്കൽ

## 4. നമീമത്ത് (ഏഷണി )

عن ابْنِ عَبَّاسٍ رضي الله عنهما قَالَ: مَرَّ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ بِقَبْرَيْنِ فَقَالَ: (إِنَّهُمَا لَيُعَذَّبَانِ وَمَا يُعَذَّبَانِ فِي كَبِيرٍ، أَمَّا أَحَدُهُمَا فَكَانَ لا يَسْتَتِرُ مِنَ الْبَوْلِ وَأَمَّا الآخَرُ فَكَانَ يَمْشِي بِالنَّمِيمَةِ ( البخاري ومسلم.)

ഇബ്നു അബ്ബാസ് നിവേദനം : നബിﷺ രണ്ട് കബറുകൾക്ക് സമീപത്തു കൂടെ കടന്നു പോയി. അപ്പോൾ അവിടുന്ന് പറഞ്ഞു: "നിശ്ചയം ഇവർ രണ്ടുപേരും ഇപ്പോൾ ശിക്ഷിക്കപ്പെടുന്നു. അവർ രണ്ടുപേരും വലിയ കാര്യത്തിൽ ഒന്നുമല്ല ശിക്ഷിക്ക പ്പെടുന്നത്. (അല്ലാഹുവിങ്കൽ അത് വലുതാണ്). അതിലൊരുവൻ മൂത്രത്തിൽ നി ന്നും (ശരീരത്തിലോ വസ്ത്രത്തിലോ ആകാത്ത വിധം) മറ സ്വീകരിക്കാറില്ലായി രുന്നു. രണ്ടാമൻ ആകട്ടെ ജനങ്ങൾക്കിടയിൽ നമീമത്തുമായി നടന്നിരുന്നു."

- ഖബർ ശിക്ഷ അധികവും മൂത്രത്തിൽ നിന്ന് വെടിപ്പാകാത്തതിനാൽ ആയിരി ക്കുമെന്ന് നബിﷺ പറഞ്ഞിട്ടുണ്ട്.
- നമസ്കാരത്തിന്റെ ഒരു ശർത്താണ് ശരീരത്തിലോ വസ്ത്രത്തിലോ നജസ് ഉണ്ടാ കരുതെന്നത്. അതിനാൽ നജസിനെ സൂക്ഷിക്കാത്തവൻ നമസ്കാരത്തിൽ വീഴ്ച വ രുത്തിയവനാണ്.
- ഒരു ഷർത്ത് നഷ്ടപ്പെടുത്തിയവന്റെ വിഷയം ഇത്രമേൽ ഗൗരവമാണെങ്കിൽ നമസ്കാരം തന്നെ ജീവിതത്തിൽ നിന്ന് ഒഴിവാക്കിയവന്റെ അവസ്ഥ എന്തായി രിക്കും!!

- വല്ലാതെ ഇറുകിയ വസ്ത്രം ധരിച്ചകാരണത്താൽ നിന്നിട്ടോ ഇരുന്നിട്ടോ ശരീരത്തിലും വസ്ത്രത്തിലും മൂത്രത്തിന്റെ കണികകൾ തെറിക്കാതെ കൃത്യമായി വിസർജനം ചെയ്യാൻ കഴിയുന്നില്ലെങ്കിൽ കബർ ശിക്ഷയെ നമ്മൾ ഓർക്കേണ്ടതുണ്ട്.
- നമീമത്ത് എന്നാൽ മറ്റുള്ളവർക്കിടയിൽ അകൽച്ചയുണ്ടാക്കുന്ന കാര്യങ്ങൾ ചെയ്യലാണ്.
- ഉദാഹരണമായി:-ഒരാളുടെ സംസാരം മറ്റൊരാളിലേക്ക് എത്തിക്കുന്നു. അത് അവർ രണ്ടുപേരും അകലാൻ ശത്രുതയിലാകാൻ കാരണമാകുന്നു. ഒരുപക്ഷേ ഒന്നാമൻ അത് സ്വകാര്യമായി പറഞ്ഞതാകാം. ഒരാൾ സ്വകാര്യമായി പറഞ്ഞ വാട്സ്ആപ്പ് സന്ദേശത്തിലെ വോയിസ് ക്ലിപ്പ് അയാൾ അറിയാതെ മറ്റുള്ളവരിലേക്ക് ഷെയർ ചെയ്യുമ്പോൾ അതിലൂടെ ശത്രുതയും വിദ്വേഷവും ഉണ്ടാകുന്നുവെങ്കിൽ അത് കബർ ശിക്ഷയ്ക്ക് കാരണമാകുന്ന നമീമത്താണ്.

### 5. കളവ് പറഞ്ഞു പരത്തുക.

سمرة بن جندب رضي الله عنه عن النبي صَلَّى اللَّهُ عَلَيْهِ وَسَلَّمَ قال: فَانْطَلَقْنَا فَأَتَيْنَا عَلَى رَجُلٍ مُسْتَلْقٍ لِقَفَاهُ، وَإِذَا آخَرُ قَائِمٌ عَلَيْهِ بِكَلُّوبٍ مِنْ حَدِيدٍ، وَإِذَا هُوَ يَأْتِي أَحَدَ شِقَّيْ وَجْهِهِ فَيُشَرْشِرُ شِدْقَهُ إِلَى قَفَاهُ، وَمَنْخِرَهُ إِلَى قَفَاهُ، وَعَيْنَهُ إِلَى قَفَاهُ، قَالَ: ثُمَّ يَتَحَوَّلُ إِلَى الْجَانِبِ الآخَرِ فَيَفْعَلُ بِهِ مِثْلَ مَا فَعَلَ بِالْجَانِبِ الأَوَّلِ، فَمَا يَفْرُغُ مِنْ ذَلِكَ الْجَانِبِ حَتَّى يَصِحَّ ذَلِكَ الْجَانِبُ كَمَا كَانَ ثُمَّ يَعُودُ عَلَيْهِ فَيَفْعَلُ مِثْلَ مَا فَعَلَ الْمَرَّةَ الأُولَى. قَالَ: قُلْتُ: سُبْحَانَ اللَّهِ! مَا هَذَانِ؟ ثم قال عن هذا المعذب في آخر الحديث : (إنه الرجل يغدو من بيته، فيكذب الكذبة تبلغ الآفاق ..) رواه البخاري.

സമുറ ഇബ്നു ജുൻദുബ് (റ) ഉദ്ധരിക്കുന്ന ഒരു സുദീർഘമായ ഹദീസിൽ വിവിധങ്ങളായ കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ ബർസഖീ കാലയളവിൽ ലഭിക്കപ്പെടുന്നത് നബി ﷺ ദർശിക്കുകയുണ്ടായി. അതിൽ കളവു പറഞ്ഞു പരത്തുന്നവർക്കുള്ള ശിക്ഷ നബി ﷺ വിവരിച്ചത് കാണാം: അങ്ങനെ ഞങ്ങൾ (നബിയും മലക്കുകളും) കമിഴ്ന്നു കിടക്കുന്ന ഒരു വ്യക്തിയുടെ അടുത്തെത്തി. അപ്പോഴതാ മറ്റൊരാൾ അയാളുടെ സമീപത്ത് ഇരുമ്പു കൊണ്ടുള്ള ഒരു കൊളുത്തുമായി നിൽക്കുന്നു. എന്നിട്ട് ഒരു ഭാഗ

ത്ത് നിന്ന് ഇരുമ്പിന്റെ കൊളുത്തു കൊണ്ട് വായയുടെ കവിൾ ഒരു ഭാഗത്തു നിന്ന് വലിച്ച് പിരടിയിലേക്ക് കൊണ്ടുവരുന്നു. അതുപോലെ അയാളുടെ മൂക്കിന്റെ ദ്വാരത്തിലും കൊളുത്തിട്ട് വലിക്കുന്നു. കണ്ണും അതുപോലെ. ശേഷം അടുത്ത ഭാഗത്തേക്ക് ചെന്ന് ആദ്യം ചെയ്തത് പോലെ ചെയ്യുന്നു. ഓരോ ഭാഗവും ഇങ്ങനെ ചെയ്തു കഴിയുമ്പോൾ തൊട്ടടുത്ത ഭാഗം പൂർവസ്ഥിതിയിൽ ആയിട്ടുണ്ടാവും. അതി ങ്ങനെ തുടർന്നുകൊണ്ടേയിരിക്കും. ഞാൻ (നബിﷺ) ചോദിച്ചു: ആരാണ് ഈ രണ്ടു പേർ ?.... മലക്കുകൾ പറഞ്ഞു: "ആ ശിക്ഷിക്കപ്പെടുന്ന വ്യക്തി വീട്ടിൽ നിന്നും പുറപ്പെടും. എന്നിട്ട് നാടുകളിൽ വ്യാപിക്കുന്ന ഒരു കളവ് പടച്ചു വിടും. "

- **സോഷ്യൽ മീഡിയ സംവിധാനങ്ങൾ വ്യാപകമായ ഈ കാലത്ത് നിമിഷങ്ങൾക്കുള്ളിൽ ഒരു കളവ് ലോകത്ത് പരക്കാൻ ഒരു ബട്ടൺ ക്ലിക്ക് ചെയ്താൽ മതി.**
- വ്യക്തിയും സമൂഹവും ആദർശവും ഒക്കെ വ്യാജ പ്രചരണങ്ങൾക്ക് വിധേയമായി കൊണ്ടിരിക്കുന്നു.
- നമ്മൾ സോഷ്യൽ മീഡിയകളിലൂടെ കൈമാറുന്ന സന്ദേശങ്ങൾ ആധികാരികമാണെന്ന് ഉറപ്പ് വരുത്തുക.

## 6. പലിശ തിന്നൽ

ففي حديث سمرة رضي الله عنه قَالَ: (فَانْطَلَقْنَا فَأَتَيْنَا عَلَى نَهَرٍ أَحْمَرَ مِثْلِ الدَّمِ، وَإِذَا فِي النَّهَرِ رَجُلٌ سَابِحٌ يَسْبَحُ، وَإِذَا عَلَى شَطِّ النَّهَرِ رَجُلٌ قَدْ جَمَعَ عِنْدَهُ حِجَارَةً كَثِيرَةً، وَإِذَا ذَلِكَ السَّابِحُ يَسْبَحُ مَا يَسْبَحُ ثُمَّ يَأْتِي ذَلِكَ الَّذِي قَدْ جَمَعَ عِنْدَهُ الْحِجَارَةَ فَيَفْغَرُ لَهُ فَاهُ فَيُلْقِمُهُ حَجَرًا فَيَنْطَلِقُ يَسْبَحُ ثُمَّ يَرْجِعُ إِلَيْهِ كُلَّمَا رَجَعَ إِلَيْهِ فَغَرَ لَهُ فَاهُ فَأَلْقَمَهُ حَجَرًا) إلى أن قال: ( وَأَمَّا الرَّجُلُ الَّذِي أَتَيْتَ عَلَيْهِ يَسْبَحُ فِي النَّهَرِ وَيُلْقَمُ الْحَجَرَ فَإِنَّهُ آكِلُ الرِّبَا).

രക്തം കണക്കെ ചുവന്ന ഒരു നദിയിൽ ഒരാൾ നീന്തുന്നു. നദിയുടെ തീരത്ത് മറ്റൊരാൾ കുറച്ച് കല്ലുകളുമായി നിൽക്കുന്നു. അപ്പോൾ നീന്തുന്നവൻ നീന്തി നീന്തി കല്ലുള്ളവന്റെ അടുത്തേക്ക് എത്തും. എന്നിട്ട് വായ പിളർത്തി കാണിക്കും. അപ്പോൾ മറ്റേയാൾ അവന്റെ വായിലേക്ക് കല്ലിട്ടുകൊടുക്കും. ശേഷമായാൽ പിന്നെയും നീന്താൻ തുടങ്ങും. എന്നിട്ട് ആ കല്ല് വിഴുങ്ങുന്നത് ആവർത്തിക്കും.

- കച്ചവടത്തിന്റെ ചുവടുപിടിച്ച് പല വഴിക്ക് പലിശകൾ നമ്മുടെ സമ്പത്തിലേക്ക് എത്തിച്ചേർന്നേക്കാം.

- സമ്പത്തിലെ ബർക്കത്ത് നഷ്ടപ്പെടാനും,കബർ ശിക്ഷയ്ക്കും പരലോക ശിക്ഷയ്ക്കും കാരണവുമാകുന്ന പലിശ  യഥാർത്ഥത്തിൽ നമുക്ക് ലാഭമല്ല, മറിച്ച് നഷ്ടമാണ്.

## 7. വ്യഭിചാരം.

عن سمرة رضي الله عنه: فَانْطَلَقْنَا فَأَتَيْنَا عَلَى مِثْلِ التَّنُّورِ، فَإِذَا فِيهِ لَغَطٌ وَأَصْوَاتٌ، قَالَ: فَاطَّلَعْنَا فِيهِ، فَإِذَا فِيهِ رِجَالٌ وَنِسَاءٌ عُرَاةٌ، وَإِذَا هُمْ يَأْتِيهِمْ لَهَبٌ مِنْ أَسْفَلَ مِنْهُمْ، فَإِذَا أَتَاهُمْ ذَلِكَ اللَّهَبُ ضَوْضَوْا [أي: صاحوا] قَالَ: قُلْتُ لَهُمَا: مَا هَؤُلَاءِ؟) وفي آخره: وَأَمَّا الرِّجَالُ وَالنِّسَاءُ الْعُرَاةُ الَّذِينَ فِي مِثْلِ بِنَاءِ التَّنُّورِ فَإِنَّهُمُ الزُّنَاةُ وَالزَّوَانِي

വലിയ അടുപ്പ് കണക്കെ ഉള്ള ഒന്നിന്റെ അടുത്തേക്ക് അവർ (നബിയും മലക്കുകളും) എത്തുമ്പോൾ ആളുകളുടെ അലമുറയും, നിലവിളിയും കേൾക്കുന്നു. അതിനകത്തേക്ക് നോക്കുമ്പോൾ നഗ്നരായ സ്ത്രീകളും പുരുഷന്മാരുമുണ്ട്. അവരുടെ അടിഭാഗത്ത് നിന്ന് തീജ്വാല അവരെ പിടികൂടുമ്പോൾ അവർ നിലവിളിക്കുന്നു. അത് വ്യഭിചാരികളും വ്യഭിചാരണികളുമാണ്.

- **അവിഹിതങ്ങൾക്ക് വാതിൽ തുറക്കുന്ന എല്ലാ സാഹചര്യങ്ങളിൽ നിന്നും നമുക്ക് വിട്ടുനിൽക്കാം.**
- **ക്യാമ്പസുകളിൽ പോലും ഇത്തരം അശ്ലീലതകളിലേക്ക് വഴിയൊരുക്കുന്ന സാഹചര്യമുണ്ട്.  അതും ഭരണകൂടത്തിന്റെ ഒത്താശയിലൂടെ.**
- ഇത്തരം മ്ലേച്ഛതകൾ വിദ്യാർത്ഥി സമൂഹത്തിൽ പടർന്ന പിടിക്കുന്നതിന് ലിബറൽ ചിന്തകൾ ഏറെ സ്വാധീനം ചെലുത്തുന്നു. അത്തരം സന്ദർഭങ്ങളിൽ  നമുക്ക് റബ്ബിനെ ഭയന്ന് ഈ തിന്മയിൽ നിന്ന്  വിട്ടകലാൻ കഴിയണം.

---

- റൌദത്തുൽ ഖുത്തബാഇന്റെ നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.
- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+918594044600) എന്ന നമ്പർ സേവ് ചെയ്ത് പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.
- മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.